**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1250** **18-09-2025 - ൽ മറുപടിയ്ക്ക്**

**ഹജ്ജ് യാത്രക്കാരുടെ വർധിപ്പിച്ച വിമാനയാത്രാക്കൂലി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. യു. എ. ലത്തീഫ്** | | **ശ്രീ. വി. അബ്ദുറഹിമാൻ (ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി)** | |
| (എ) | കരിപ്പൂർ വിമാനത്താവളത്തിൽ നിന്നും പുറപ്പെടുന്ന ഹജ്ജ് യാത്രികർക്ക് വിമാന യാത്രക്കൂലിയിൽ നാല്പതിനായിരം രൂപയുടെ വർദ്ധനവ് കഴിഞ്ഞവർഷം നടപ്പിലാക്കിയത് ഈ വർഷം കുറയ്ക്കുവാനോ പൂർണ്ണമായും ഒഴിവാക്കുവാനോ സർക്കാർ നടപടി സ്വീകരിക്കുമോ; | (എ) | കോഴിക്കോട് എമ്പാർക്കേഷനിൽ നിന്നുള്ള വിമാന യാത്ര നിരക്ക് കുറക്കുന്നത് സംബന്ധിച്ച് നിലവിൽ കേന്ദ്രത്തിൽ നിന്നും അറിയിപ്പ് ഒന്നും ലഭിച്ചിട്ടില്ല. യാത്രാ നിരക്ക് എല്ലാ എമ്പാർക്കേഷനുകളിലും ഏകീകരിക്കുന്നതിന് 11/09/2025 തീയതിയിൽ സംസ്ഥാന ന്യൂനപക്ഷ ക്ഷേമ വകുപ്പ് മന്ത്രി , ബഹു . കേന്ദ്രന്യൂനപക്ഷ കാര്യ മന്ത്രി ശ്രീ . കിരൺറിജിജു , ബഹു. വ്യോമയാന മന്ത്രി ശ്രീ. റാംമോഹൻ നായിഡു എന്നിവർക്ക് കത്ത് നൽകിയിട്ടുണ്ട്. കൂടാതെ വകുപ്പ് സെക്രട്ടറി 16/09/2025 തീയതിയിൽ കേന്ദ്ര വ്യോമയാന സെക്രട്ടറിക്കും , സംസ്ഥാന ഹജ്ജ് കമ്മറ്റി 24/07/2025 തീയതിയിൽ കേന്ദ്ര ഹജ്ജ് കമ്മറ്റിക്കും കത്ത് നൽകിയിട്ടുണ്ട് . |
| (ബി) | ഹജ്ജിനു പോകുന്ന യാത്രക്കാർക്കായി കേരളത്തിൽ നിന്നും പുറപ്പെടുന്ന വിമാന സർവ്വീസുകളുടെ ഷെഡ്യൂൾ വിവരങ്ങൾ നൽകാമോ; | (ബി) | നിലവിൽ ഹജ്ജ് 2026 ന്റെ വിമാനങ്ങളുടെ ഷെഡ്യൂൾ സബന്ധിചുള്ള വിവരങ്ങൾ ഒന്നും ലഭിച്ചിട്ടില്ല. കേന്ദ്രം ടെൻഡർ നടപടികൾ ആരംഭിച്ചിട്ടുണ്ട് . |
| (സി) | ഈ വർഷം കേരളത്തിൽ നിന്നുള്ള ഹജ്ജ് യാത്രക്കാർക്ക് സുഗമമായി ഹജ്ജ് നിർവഹിച്ച് മടങ്ങി വരുന്നതിന് സർക്കാർ തലത്തിൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ; വിശദാംശം ലഭ്യമാക്കാമോ? | (സി) | കേരളത്തിലെ ഹജ്ജ് തീർത്ഥാടകർക്കായി മൂന്ന് ഘട്ടങ്ങളിലായി ഹജ്ജ് സാങ്കേതിക പഠന ക്ലാസ്സ് ഹജ്ജ് കമ്മറ്റി സംഘടിപ്പിക്കുന്നുണ്ട്. ഹാജിമാർക്ക് ആവശ്യമായ വിവിധ സേവനങ്ങൾ നൽകുന്നതിനായി ഓരോ മണ്ഡലങ്ങളിലും ഹജ്ജ് ട്രെയിനർമാരെ നിയമിച്ചിട്ടുണ്ട്. കേരളത്തിൽ നിന്നും കാലികറ്റ് എയർപോർട്ട്, കൊച്ചി എയർപോർട്ട്(CIAL),കണ്ണൂർ എയർപോർട്ട് (KIAL) എന്നീ എയർപോർട്ടുകളിൽ നിന്നുമാണ് യത്രാസൗകര്യം ഉള്ളത്. മൂന്ന് എംബാർക്കേഷൻ പോയിന്റുകളിലും ഹജ്ജ് തീർത്ഥാടകർക്ക് ഹജ്ജ്ക്യാമ്പുകൾ സംഘടിപ്പിക്കുന്നുണ്ട്. കേരളത്തിലെ മൂന്ന് എംബാർക്കേഷനുകളിലും വെച്ച് നടത്തുന്ന ഹജ്ജ് ക്യാമ്പിൽ ഹജ്ജ് തിർത്ഥാടകർ വിമാനത്തിൽ കയറുന്നത് വരെയുള്ള എല്ലാ സൗകര്യങ്ങളും ചെയ്തു |

| | | | |
|---|---|---|---|
| | | | നൽകുന്നുണ്ട്. ഹാജിമാരെ സഹായിക്കുന്നതിന് സംസ്ഥാന ഹജ്ജ് ഇൻസ്പെക്ടർമാരെ ഹാജിമാർക്കൊപ്പം സൗദിയിൽ ജോലി ചെയ്യുന്നതിന് നിയമിക്കാറുണ്ട് . ഹജ്ജ് തീർത്ഥാടകരുടെ സൗകര്യത്തിനായി കരിപ്പൂർ ഹജ്ജ് ഹൗസ്സും അനുബന്ധമായി 2022 -ൽ പണികഴിപ്പിച്ച വനിതാ ഡോർമിറ്ററി ബ്ലോക്കും സജ്ജമാണ്. പുതുതായി കണ്ണൂർ എംബാർക്കേഷൻ പോയിന്റിൽ ഹജ്ജ് ഹൗസ് നിർമ്മിക്കുന്ന നടപടികൾ ആരംഭഘട്ടത്തിലാണ്. ഇതിനായി സർക്കാർ 5 കോടി രൂപ 2025-26 ബജറ്റിൽ അനുവദിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ